"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയഭരണ വകുപ്പ് - കോഴിക്കോട് ജില്ല - കൊടുവള്ളി മുനിസിപ്പാലിറ്റി - ചുള്ളിയാട്മുക്ക് പെരീക്കണ്ടി റോഡ് എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(സാധാ) നം.2010/2025/LSGD തീയതി,തിരുവനന്തപുരം, 13-08-2025

---

പരാമർശം:-

1. 04.11.2020 തീയതിയിലെ സ.ഉ.(കൈ)നം.170/2020/തസ്വഭവ.
2. 11.02.2021 ലെ സ.ഉ.(സാധാ)നം.389/2021/തസ്വഭവ.
3. 07.03.2022 ലെ സ.ഉ.(അച്ചടി)നം26/2022/ധന.
4. 06.07.2022 ലെ സ.ഉ.(സാധാ)നം.1610/2022/തസ്വഭവ.
5. തദ്ദേശ സ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.04.2025 ലെ LSGD/PD/11032/2025-DB4 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കൊടുവള്ളി നഗരസഭയിലെ ചുള്ളിയാട്മുക്ക് പെരീക്കണ്ടി റോഡ് എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (2) ടി പ്രവൃത്തിക്ക് പകരം മരുതോങ്കര പഞ്ചായത്തിലെ കോങ്ങാട് പുളിക്കൽ കലുങ്ക് എന്ന പ്രവൃത്തിയ്ക്ക് 56,50,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

3. പരാമർശം (4) പ്രകാരം കൊടുവള്ളി നഗരസഭയിലെ ചുള്ളിയാട്മുക്ക് പെരീക്കണ്ടി റോഡ് എന്ന പ്രവൃത്തിയുടെ ഭരണാനുമതി പുനഃസ്ഥാപിച്ചും, കൊല്ലം ജില്ല, കുണ്ടറ നിയോജക മണ്ഡലത്തിലെ കണിയാംതോട് - പ്ലാവിള റോഡ്, കുണ്ടറ ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ പേര് കണിയാംതോട് - പ്ലാവിള റോഡ്, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് എന്ന് ഭേദഗതി ചെയ്തും ഉത്തരവായിരുന്നു.

4. കൊടുവള്ളി നഗരസഭയിലെ ചുള്ളിയാട്മുക്ക് പെരീക്കണ്ടി റോഡ് എന്ന പ്രവൃത്തിയുടെ ഭരണാനുമതി പുനസ്ഥാപിച്ച നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പരാമർശം (3) പ്രകാരം ടി പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി അവസാനിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ടി പ്രവൃത്തി നിർവ്വഹിക്കുന്നതിന് 2 കോടി രൂപയെങ്കിലും ആവശ്യമാണെന്ന് പരാമർശം (5) പ്രകാരം തദ്ദേശ സ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പരാമർശം (4) പ്രകാരം ഭരണാനുമതി പുനഃസ്ഥാപിച്ച കൊടുവള്ളി നഗരസഭയിലെ ചുള്ളിയാട്മുക്ക് പെരീക്കണ്ടി റോഡ് എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

6. മേൽ ഭേദഗതിയോടെ പരാമർശം (4) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 14-08-2025 10:58:13